(ഇ) സർവ്വീസ് ആരംഭിച്ചതു മുതലുള്ള 3 മാസത്തെ ദിനപ്രതിയുള്ള വരുമാനം പരിശോധിച്ചതിനുശേഷം മാത്രമാണ് നിരുത്തലാക്കിയത്. കോർപ്പറേഷൻ ബോർഡ് മീറ്റിംഗിൽ എടുത്ത തീരുമാനമനുസരിച്ചാണ് സർവ്വീസ് പിൻവലിച്ചത്.

(എഫ്) നിർദ്ദേശം പരിഗണിക്കുന്നതാണ്.

പുതിയ ബസ്സുകളുടെ നിർമ്മാണം

602 [861] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977 മാർച്ചു മാസം മുതൽ ഇതു വരെയായി എത്ര ബസ്സുകൾ പുതിയതായി നിർമ്മിച്ചു പുറത്തിറക്കിയിട്ടുണ്ട്;

(ബി) അവ ഏതെല്ലാം സബ് ജില്ലകളിലായി എത്രവീതം അലോട്ടു ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) 1977 മാർച്ചുമാസം മുതൽ 1979 ജനുവരി വരെ കെ. എസ്. ആർ. ടി. സി. 418 പുതിയ ബസ്സുകൾ പുറത്തിറക്കിയിട്ടുണ്ട്.

(ബി) വിതരണം ചെയ്തിട്ടുള്ളതിന്റെ വിവരമടങ്ങിയ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

എക്സൈസുകാരുടെ വെടിയേറ്റു മരിച്ചവർക്കുള്ള ധനസഹായം

603 [862] ശ്രീ. കെ. സി. വാമദേവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസുകാരുടെ റെയ്ഡിനെ തുടർന്നുണ്ടായ സംഘട്ടനത്തിൽ വെടിയേറ്റു മരിച്ച ആര്യനാട്ടെ രണ്ടു പേർക്ക് സഹായധനം നൽകണമെന്ന് ഗവൺമെന്റിലേക്ക് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു തീരുമാനം എടുത്തു?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ കാര്യത്തിൽ റവന്യൂ ബോർഡ്, തിരുവനന്തപുരം ജില്ലാ കളക്ടർ എന്നിവരുമായി കത്തിടപാടുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്; ഒരു തീരുമാനം ആയിട്ടില്ല.

ബസ് സ്റ്റേഷനുകളിലെ സമയ വിവര പട്ടിക

604 [863] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാന ബസ് സ്റ്റേഷനുകളിൽ ബസ്സിന്റെ സമയവിവര പട്ടിക പ്രദർശിപ്പിക്കണമെന്ന് വ്യവസ്ഥയുണ്ടോ;

† അനുബന്ധം IV.

LIBRARY ARCHIVES Kerala Legislative Assembly